പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 942 — 29.09.2016-ൽ മറുപടിക്ക്

# പുതിയങ്ങാടി ഫിഷിംഗ് ഹാർബർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.റ്റി.വി. രാജേഷ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പുമന്ത്രി) |
| (എ)) | കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തോടനുബന്ധിച്ചുള്ള അന്വേഷണ ഗവേഷണങ്ങൾക്ക് 65 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയതനുസരിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായ ടോപ്പോഗ്രാഫിക്കൽ സർവ്വേ, പെർമനന്റ് പോയിന്റ് സ്ഥാപിക്കൽ, സി.ഡി വാല്യൂ സ്ഥാപിക്കൽ, ടൈഡൽ ഒബ്സർവേഷൻ, കറന്റ് മീറ്റർ ഒബ്സർവേഷൻ, ഷോർലൈൻ സർവ്വേ, ബാത്തിമെട്രിക് സർവ്വേ, ബെഡ് സാമ്പിൾ ശേഖരിക്കൽ, വാട്ടർ സാമ്പിൾ ശേഖരിക്കൽ തുടങ്ങിയ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. തുടർന്ന് മാതൃകാ പഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ ഏജൻസിയായ പൂനെയിലെ CWPRS-നെ ചുമതലപ്പെടുത്തുകയും ആയത് പുരോഗമിച്ചു വരികയും ചെയ്യുന്നു. |
| (ബി) | സി.ഡബ്ളിയു.പി. ആർ.എസ് നെ ചുമതലപ്പെടുത്തിയ മാതൃകാ പഠന റിപ്പോർട്ട് എപ്പോഴേക്ക് ലഭ്യമാക്കാൻ കഴിയും; | (ബി) | CWPRS- ന് നൽകിയിട്ടുള്ള മാതൃകാ പഠനം പുരോഗമിച്ചു വരുന്നു. ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (സി) | ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം എപ്പോഴേക്ക് ആരംഭിക്കുവാൻ കഴിയും, ഇതിന്റെ നിർമ്മാണത്തിന് ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | CWPRS- ന്റെ മാതൃകാ പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം കടലിലെ ബോറിംഗ്, അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പരിസ്ഥിതി പഠനം എന്നിവ നടത്തേണ്ടതുണ്ട്. പത്ത് മാസം നീണ്ടു നിൽക്കുന്ന പരിസ്ഥിതി പഠനത്തിനു ശേഷം പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിനു സമർപ്പിക്കുന്നതും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുവാൻ കഴിയുന്നതാണ്. ഭരണാനുമതി നല്കുന്നതോടെ തുകയും വകയിരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ